**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6547** **20-03-2023 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിലെ പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതി പ്രകാരം എത്ര അപേക്ഷകളാണ് പിറവം നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ചതെന്ന് വിശദമാക്കാമോ; | (എ) | പുനർഗേഹം പദ്ധതി പ്രകാരം പിറവം നിയോജക മണ്ഡലത്തിൽ നിന്നും ആരും തന്നെ അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| (ബി) | ഇതിൽ എത്ര കുടുംബങ്ങൾക്ക് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കാനുണ്ട്; വ്യക്തമാക്കാമോ; | (ബി) | പുനർഗേഹം പദ്ധതി പ്രകാരം പിറവം നിയോജക മണ്ഡലത്തിൽ നിന്നും ആരും തന്നെ അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| (സി) | മത്സ്യത്തൊഴിലാളികൾക്കായി മറ്റെന്തെല്ലാം പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ; | (സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പുതിയ സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം കർമ്മ പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | **ഫിഷറീസ് വകുപ്പ്**<br><br>പുതിയ സാമ്പത്തിക വർഷം അനുബന്ധത്തിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ തുടരുന്നതാണ്. ഇതോടൊപ്പം മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നൽകുന്ന പദ്ധതി മുൻസിപ്പാലിറ്റിയുടെ "വികസന സെമിനാറിൽ " സമർപ്പിച്ചിട്ടുണ്ട്.<br><br>**മത്സ്യഫെഡ്**<br><br>പുതിയ സാമ്പത്തിക വർഷത്തിൽ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്വയം സഹായ ഗ്രൂപ്പിലെ അംഗങ്ങൾക്ക് നൽകി വരുന്ന മൈക്രോഫിനാൻസ് വായ്പ, മത്സ്യകച്ചവട വനിതകൾക്ക് നൽകി വരുന്ന പലിശ രഹിത വായ്പ എന്നിവ തുടർന്നും നടപ്പിലാക്കുന്നതിനും പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ദേശീയ സഹകരണ വികസന കോർപറേഷന്റെ ധനസഹായത്തോടെയുള്ള<br><br>സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി) പ്രകാരം മത്സ്യബന്ധന |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾക്കുള്ള വായ്പ നൽകുന്നതിനും മത്സ്യഫെഡിന്റെ ക്ഷേമ പദ്ധതിയായ മത്സ്യത്തൊഴിലാളി അപകട മരണ ഇൻഷ്വറൻസ് പദ്ധതി പ്രകാരം മണ്ഡലത്തിലെ പരമാവധി മത്സ്യത്തൊഴിലാളികളെ പ്രീമിയം അടപ്പിച്ച് അംഗങ്ങളായി ചേർത്തുകൊണ്ട് 10 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.<br><br>**<u>സാഫ്.</u>**<br><br>പുതിയ സാമ്പത്തിക വർഷത്തിൽ സാഫ് മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ.), ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (JLG) എന്നീ പദ്ധതികൾ ആരംഭിക്കുവാനായി ഉദ്ദേശിക്കുന്നു.<br><br>**<u>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്:</u>**<br><br>അനുബന്ധത്തിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ പുതിയ സാമ്പത്തിക വർഷവും തുടർ പദ്ധതി എന്ന നിലയിൽ നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഫിഷറീസ് വകുപ്പും അനുബന്ധ സ്ഥാപനങ്ങളും പിറവം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു

**ഫിഷറീസ് വകുപ്പ്**

മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളിൽ നിന്ന് ഉന്നത വിദ്യാഭ്യാസം നടത്തുന്ന 7 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പും സ്കൂൾ വിദ്യാഭ്യാസം നടത്തുന്ന 42 വിദ്യാർത്ഥികൾക്ക് "മേശയും കസേരയും" നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മത്സ്യകൃഷി പദ്ധതികളായ മുറ്റത്തൊരു മീൻതോട്ടം, പടുത കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി എന്നിവയും നടത്തുന്നുണ്ട്.

**മത്സ്യഫെഡ്**

പിറവം നിയോജക മണ്ഡലത്തിൽ പിറവം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, കീച്ചേരി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം എന്നിവ വഴി 14 സ്വയം സഹായ ഗ്രൂപ്പിലെ 83 അംഗങ്ങൾക്ക് 9.78 ലക്ഷം രൂപയും മൈക്രോഫിനാൻസ് വായ്പ പദ്ധതി ഇനത്തിലും 165 മത്സ്യകച്ചവട സ്ത്രീകൾക്കായി 131.25 ലക്ഷം രൂപയുടെ പലിശരഹിത വായ്പ മത്സ്യഫെഡ് വഴി അനുവദിച്ച് നൽകിയിട്ടുണ്ട്.

**സാഫ്**

സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവിമെൻ (സാഫ്) മുഖേന പിറവം നിയോജകമണ്ഡലത്തിൽ മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ) പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിപ്രകാരം 23 ഗുണഭോക്താക്കൾ അടങ്ങുന്ന 7 ഡി.എം.ഇ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഇവർക്ക് 18.35 ലക്ഷം രൂപ ഡി.എം.ഇ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. 4 യൂണിറ്റുകൾക്ക് പലിശ രഹിത റിവോൾവിംഗ് ഫണ്ടായി 13 ലക്ഷം രൂപയും, ഒരു യൂണിറ്റിന് ടെക്നോളജി ഇംപ്രൂവ്മെന്റിനായി 25000/- രൂപയും അനുവദിച്ചിട്ടുണ്ട്.

2022-23 വർഷത്തിൽ ഡി.എം.ഇ., ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി എറണാകുളം ജില്ലയിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചത് പ്രകാരം ഡി.എം.ഇ പദ്ധതിയിൽ 2 ഗ്രൂപ്പുകളിൽ നിന്നായി 4 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്.**

സജീവ മത്സ്യത്തൊഴിലാളികൾക്കുള്ള പദ്ധതികൾ

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി
2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം
3. വിവാഹ ധനസഹായ പദ്ധതി
4. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി
5. വാർദ്ധക്യകാല പെൻഷൻ
6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി
7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി

8. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്
9. കുടുംബ സംവിധാന പദ്ധതി
10. മാരകരോഗ ചികിൽസാ പദ്ധതി
11. ചെയർമാൻ റിലീഫ് ഫണ്ട്
12. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി
13. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി
14. വിധവ പെൻഷൻ .
15. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി
16. ബോർഡിന്റെ പ്രത്യേക ധനസഹായം

<u>അനുബന്ധ മത്സ്യത്തൊഴിലാളികൾക്കുള്ള പദ്ധതികൾ,</u>

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി
2. വിവാഹ ധനസഹായ പദ്ധതി
3. വാർദ്ധക്യകാല പെൻഷൻ
4. അനുബന്ധ മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി
5. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്
6. കുടുംബ സംവിധാന പദ്ധതി
7. മാരകരോഗ ചികിൽസാ പദ്ധതി
8. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി.
9. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി
10. ബോർഡിന്റെ പ്രത്യേക ധനസഹായം

<u>സജീവ/അനുബന്ധ മത്സ്യത്തൊഴിലാളികൾക്കുള്ള പ്രത്യേക പദ്ധതികൾ</u>

1. തണൽ പദ്ധതി
2. സാന്ത്വനതീരം പദ്ധതി

Sd/-

**സെക്ഷൻ ഓഫീസർ**